(ഡി) മേൽ പദ്ധതിക്കുള്ള നബാർഡ് സഹായം 31-3-2009 -ൽ അവസാനിപ്പിച്ചതിനാൽ പ്രസ്തുത പദ്ധതി അവസാനിപ്പിക്കുകയാണുണ്ടായത്.

തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിലെ ചാലുകളിൽ നീരൊഴുക്ക് തടസ്സപ്പെട്ടുകിടക്കുന്നത് സംബന്ധിച്ച്

115 (6274) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിലെ ചാലുകളിൽ കുളവാഴയും പണ്ടിയും പേർന്ന് നീരൊഴുക്ക് തടസ്സപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആഗസ്റ്റ്-സെപ്റ്റംബർ മാസത്തെ കൃഷിക്കു മുമ്പായി ഇവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ സമഗ്ര ശുദ്ധജല വിതരണ സാനിറ്റേഷൻ പദ്ധതി

116 (6275) ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ സാനിറ്റേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഈ പദ്ധതി ഇവിടത്തെ എത്ര പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത് ;

(സി) ഈ പദ്ധതിയിലൂടെ ഇവിടത്തെ എത്ര പേർക്ക് പ്രയോജനം ലഭിക്കുമെന്നാണ് കരുതുന്നത് ;

(ഡി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്കുവേണ്ടി വിദേശ ധനസഹായത്തിനുള്ള (ജൈക്ക -യുടെ ധനസഹായം) ഉറപ്പ് കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 14 (പതിനാല്) പഞ്ചായത്തുകളെ ഉൾപ്പെടുത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 3 വർഷം വരെയുള്ള ഉപയോഗപ്രദമാകുന്ന രീതിയിലാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്.

(ഡി) വിദേശ ധനസഹായം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും ഉറപ്പ് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം തീരുമാനിക്കുന്നതാണ്.

പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ

117 (6276) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികളുടെ പൈപ്പുകൾ ഇതിനകം മാറ്റി സ്ഥാപിച്ചിട്ടുണ്ട് ;

(സി) ഈ വർഷം ഏതെല്ലാം പദ്ധതികളുടെ പൈപ്പുകളാണ് മാറ്റി സ്ഥാപിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്ത് കെ.ഡബ്ല്യു.എ.യുടെ കീഴിൽ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. മഞ്ചേരി, കോഴിക്കോട്, വടകര, തലശ്ശേരി, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ശുദ്ധജലവിതരണ പദ്ധതികളുടെ പഴയ പൈപ്പ്‌ലൈനുകൾ മാറ്റി സ്ഥാപിക്കാൻ 2009 - 10-ലെ മാന്ദ്യവിരുദ്ധ പാക്കേജിൽ 168.88 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഈ പദ്ധതികളുടെ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗര പദ്ധതികളിലെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. തിരുവനന്തപുരം നഗര ജലവിതരണ വിപുലീകരണ പദ്ധതിയുടെ ഭാഗമായി അരുവിക്കര നിന്നും പേരൂർക്കട വരെയുള്ള 1700 എം.എം.വി.എസ്.സി.പൈപ്പ് ലൈനിൽ കരകുളത്തിനും വഴയിലയ്ക്കും ഇടയിലുള്ള ഏറ്റവും പ്രശ്നമുള്ള ഒരു കിലോമീറ്റർ ദൂരം ജെ.ഐ.സി.എ.(ജൈക്ക) പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതിയിൽ ഉൾപ്പെട്ട വടകര ശുദ്ധജലവിതരണ വിപുലീകരണ പദ്ധതിയുടെ മെച്ചപ്പെടുത്തൽ പദ്ധതിയിൽ നിലവിലുള്ള പ്രിമോ ഗ്രാവിറ്റി മെയിൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്ന നബാർഡ് (സ്പാൻ) പദ്ധതികളിൽ വൈക്കം മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി, കൊളച്ചേരി ശുദ്ധജല

LIBRARY ARCHIVES Kerala Legislative Assembly